പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 186</u> <u>28/06/2016 ൽ മറുപടിക്ക്</u>

## <u>സംസ്ഥാനത്തെ ക്ഷയരോഗ പ്രതിരോധം പ്രോത്സാഹിക്കുന്നതിന് നടപടി</u>

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്ഷയരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന കണക്കുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2009 മുതൽ 2015വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷയ രോഗബാധിതരുടെ ലിസ്റ്റ് അനുസരിച്ച് സംസ്ഥാനത്ത് ക്ഷയരോഗബാധിതരുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. |
| (ബി) | സ്വകാര്യ ആശുപത്രികളിലും മറ്റും ചികിത്സ തേടുന്ന ക്ഷയരോഗികളുടെ എണ്ണം ഔദ്യോഗിക കണക്കുകൾ പ്രകാരം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) | സ്വകാര്യ ആശുപത്രികളിൽ നിന്നും വിശദാംശങ്ങൾ ലഭ്യമല്ല. |
| (സി) | ഇത്തരത്തിൽ സ്വകാര്യ ആശുപത്രി കളിൽ ചികിത്സ തേടുന്ന ക്ഷയ രോഗികളുടെ കേസുകൾ റിവൈസ്ഡ് നാഷണൽ റ്റി ബി കൺട്രോൾ പ്രോഗ്രാം (ആർ എൻ റ്റി സി പി)- പ്രകാരം കൃത്യമായി അവലോകനം ചെയ്യുന്നതിന് ഏതെങ്കിലും തരത്തി ലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; | (സി) | സ്വകാര്യ മേഖലയിലും മറ്റും ചികിത്സ തേടുന്ന ക്ഷയരോഗബാധിതരുടെ വിവര ങ്ങൾ 2012 മെയ് 7-ാം തീയതി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമായ എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം കേന്ദ്ര സംസ്ഥാന ക്ഷയരോഗ നിയന്ത്രണ വിഭാഗങ്ങളെ അറിയിക്കേണ്ടതുണ്ട്. സ്വകാര്യ |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ നിന്നും ഇവ ലഭ്യമാകുന്നതിൽ താമസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി എല്ലാ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾക്കും ചികി-ത്സകർക്കും ബോധവൽക്കരണം നടത്തുന്നതിനും അതാത് ജില്ലാ ക്ഷയരോഗ നിയന്ത്രണ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ക്ഷയരോഗ പ്രതിരോധം പ്രോത്സാഹിക്കുന്നതിന് സ്വകാര്യ ചികിത്സാ രംഗത്തെ പൂർണ്ണ സഹകരണം കൂടി ഉറപ്പാക്കി ഇത്തരം പദ്ധതികളുടെ വിജയത്തിനാവശ്യമായ സഹകരണം ഉറപ്പുവരുത്തുമോ? | (ഡി) | സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് ആർ.എൻ.റ്റി. സി.പി. യിൽ വിവിധ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാർക്കും ലാബ് ടെക്നീഷ്യന്മാർക്കുമുള്ള പരിശീലനം, ലബോറട്ടറി പരിശോധനകൾക്കായുള്ള രാസവസ്തുക്കളുടെ വിതരണം, ഗുണനിലവാര പരിശോധന എന്നിവ ഉറപ്പാക്കി സ്വകാര്യ മേഖലയിലെ 108 സ്ഥാപനങ്ങളിൽ ക്ഷയരോഗ പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

Sarala

സെക്ഷൻ ഓഫീസർ